## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2291 — 23.01.2014 ൽ മറുപടിയ്ക്ക്

### അന്തരീക്ഷ മലിനീകരണത്തിൽ കാർബൺ മോണോക്സൈഡിന്റെ പങ്ക്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) | അന്തരീക്ഷ മലിനീകരണത്തിൽ കാർബൺ മോണോക്സൈഡിന്റെ പങ്ക് കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എത്ര ശതമാനം വർദ്ധിച്ചു എന്നതു സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ബോർഡ് പഠനം നടത്തിയിട്ടില്ല. |
| (ബി) | അമിതമായി അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന വാഹനങ്ങൾ നിരത്തിലിറക്കുന്നതു തടയാൻ ബോർഡിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കുന്നത് മോട്ടോർ വാഹന വകുപ്പാണ്. ഇക്കാര്യത്തിൽ ബോർഡ് നടപടികളൊന്നും എടുത്തിട്ടില്ല. |
| (സി) | ഇത്തരം മലിനീകരണം തടയുന്നതിന് മോട്ടോർ വാഹന വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുമായി ഏകോപിച്ചു പ്രവർത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | മോട്ടോർ വാഹന വകുപ്പിന്റേയും, നാറ്റ്പാക്കിന്റേയും (NATPAC) എഞ്ചിനീയറിംഗ് കോളേജുകളുടേയും സഹായത്തോടുകൂടി ആംബിയന്റ് എയർ മോണിറ്ററിംഗ് (അന്തരീക്ഷ വായു ഗുണനിലവാരം തിട്ടപ്പെടുത്തൽ), വാഹന സർവ്വേ, വാഹന പുക പരിശോധന എന്നിവ 2014-15 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി തയ്യാറാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ